PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

Second Session—1969

Thursday the 7th August 1969

Vol. XXV] **OFFICIAL REPORT** **[No. 1**

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Thursday, the 7th August, 1969 with Mr. Speaker in the Chair.

1. QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day).

ORAL ANSWERS

ശ്രീ കെ. എം. ജോർജ്ജ്: സർ, എനിക്ക് ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽ പ്പെടുത്താനുണ്ട്. എം. എൽ. എ. മാർ വന്ന ബസ്സുകളും, ചില മന്ത്രിമാർ വന്ന കാറുകളും വി ജെ ടി ഹാളിന്റെ മുൻഭാഗത്തു ചിലർ തടഞ്ഞു നിർത്തിക്കുകയാണ്. അതുകൊണ്ട് എല്ലാ എം. എൽ. എ മാരും, മന്ത്രിമാരും വന്നിട്ട് സഭാനടപടികൾ ആരംഭിച്ചാൽ കൊള്ളാമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: അത് പ്രധാനമായ ഒരു ബിസിനസ്സ് ആണ്. പോരാഴ്മയുണ്ടായതുകൊണ്ട് ആ പ്രശ്നമുണ്ടായി. എല്ലാ എം. എൽ. എ. മാർക്കും മന്ത്രിമാർക്കും വരുന്നതിന് സാധിച്ചിട്ടില്ല. അതുകൊണ്ട് അവരെല്ലാംകൂടി നിയമസഭയിൽ വന്നിട്ട് സഭാനടപടികൾ ആരംഭിച്ചാൽ മതിയെന്നാണ് എനിക്ക് അങ്ങയോട് പറയുവാനുള്ളത്.

ശ്രീ കെ മൊയ്തീൻകുട്ടി ഹാജി: സർ, വി ജെ ടി ഹാളിന്റെ അടുത്താണ് ബസ്സ് തടഞ്ഞിട്ടുള്ളത്. ഞങ്ങൾ പോകുന്നവഴിക്കുണ്ട് ഇതിലെയെത്തി.

മി സ്പീക്കർ: ശ്രീ അഹമ്മദ് മുക്കാര്യം എന്നെ ഫോണിൽക്കൂടി അറിയിക്കുകയുണ്ടായി. എം. എൽ. എ. മാരുടെ ബസ്സുകളും മന്ത്രിമാരുടെ കാറുകളും തടഞ്ഞു നിറുത്തിയിരിക്കുന്നതായിട്ടാണ് അറിയിച്ചത്. So, I think it is better that we start only after some time.

ശ്രീ മുഹമ്മദ് കുഞ്ഞി കുമ്പള: ഇപ്പോൾതന്നെ നിയമസഭാനടപടികൾ ആരംഭിക്കുന്നതിനുപോലും കോറം ഉണ്ട്. ചില മന്ത്രിമാരും ഹാജരായിട്ടുണ്ട്. ആ നിലയ്ക്ക് സഭാനടപടികൾ നിറുത്തിവയ്ക്കേണ്ട ആവശ്യമില്ലെന്നാണ് എനിക്ക് പറയുവാനുള്ളത്.

മി സ്പീക്കർ: സഭാനടപടികൾ ആരംഭിക്കാവുന്നതാണ്.

ശ്രീ. എൻ. കണ്ണന്തി: സർ, இந்த சபையிலுள்ள அங்கத்தினர்களும், மந்திரிகளும் இங்கு ஆஜராகவில்லை. அதனால் சபையை பத்து நிமிடம் நிறுத்திவைக்கும்படி கேட்டுக்கொள்கிறேன். இதற்கு வேண்டிய நடவடிக்கை எடுக்கும்படி ஸ்பீக்கர் அவர்களையும் கேட்டுக்கொள்கிறேன்.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: സഭാനടപടികളും ആരംഭിക്കണമെന്നുള്ളതിൽ ആക്ഷേപം എതിരില്ല. പക്ഷേ വളരെ പ്രധാനപ്പെട്ട ഒരു നടപടിയാണു് ചോദ്യോത്തരസമയം. ആ സമയത്തു് എല്ലാവരും സംബന്ധിച്ചിരിക്കേണ്ടതാണു്. അതുകൊണ്ടു് സഭാനടപടികളും പത്തു് മിനിറ്റു് നേരത്തേയ്ക്കു് നിറുത്തിവച്ചാൽകൊള്ളാം.

Mr. Speaker: Yes. After ten minutes we will meet. Now we will wait for them.

ശ്രീ. കെ. എം. ജോർജ്ജ്: ഇന്നലെ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി വളരെ ഗ്രഹതർമായ ആക്രമണത്തിനു് വിധേയനാകാനുള്ളതായിരുന്നു. മന്ത്രിമാർക്കുപോലും റോഡിൽക്കൂടി സൈരമായി സഞ്ചരിക്കാൻ സാധിക്കുന്നില്ല. സാധാരണജനങ്ങൾക്കു പോലും സമാധാനത്തോടുകൂടി സഞ്ചരിക്കാൻ സാധിക്കുന്നില്ല. അത്തരത്തിലായിരിക്കുകയാണു് നമ്മുടെ രാജ്യത്തിന്റെ സ്ഥിതി.

Mr. Speaker: Mr. Ramakrishnan, I would like to hear what happened to you all.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഞങ്ങൾ എം. എൽ. എ ക്വാർട്ടേഴ്സിൽ നിന്നും ബസ്സിൽ കയറി ഇങ്ങോട്ടു വരുന്ന വഴിക്കു്, വി. ജെ. ടി. ഹാളിനു് സമീപം വച്ചു് ഞങ്ങളുടെ ബസ്സു് പിക്കറ്റു ചെയ്യുകയുണ്ടായി. ഞങ്ങളുടെ ബസ്സിന്റെ പുറകെ വന്ന ബഹുമാനപ്പെട്ട മന്ത്രി അവുക്കാദർകുട്ടിനഹയുടെ കാറും പിക്കറ്റു ചെയ്യുകയുണ്ടായി. അദ്ദേഹത്തിന്റെ കാറു് പോലീസു് വാനിന്റെ സഹായത്തോടുകൂടി ഇങ്ങോട്ടു് കൊണ്ടുവരാൻ സാധിച്ചു. ഞങ്ങൾക്കു കുറച്ചുസമയം അവിടെ കാത്തിരിക്കേണ്ടിവന്നു. എം. എൽ. എ. മാർ എം. എൽ. എ ക്വാർട്ടേഴ്സിൽ നിന്നും വരുമ്പോഴും ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനു് പോലീസു് ഒന്നു് ശ്രദ്ധിക്കേണ്ടതാണു്. ഞങ്ങളുടെ ബസ്സു് കുറച്ചുസമയം അവിടെ കിടന്നതിനു ശേഷം മാത്രമാണു് പോലീസിനു് തടസ്സം നീക്കാൻ സാധിച്ചിട്ടുള്ളതു്. പോലീസു് സംഘം ഉണ്ടായ ഉടനെ അവിടെ എത്തിയില്ല എങ്കിലും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടികളും എടുക്കണമെന്നു ഞങ്ങൾ അങ്ങയോടു അപേക്ഷിക്കുകയാണു്.

മി. സ്പീക്കർ: എല്ലാവരും ഇവിടെ എത്തിക്കഴിഞ്ഞോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹാജി: എല്ലാവരും എത്തിക്കഴിഞ്ഞു.

ശ്രീ. ഇ. അഹമ്മദ്: ഞങ്ങൾക്കു് മാഗ്രതടസ്സം ഉണ്ടായ ഉടനെതന്നെ ഞങ്ങൾ ഫോണിലൂടെ അറിയിച്ചതാണു്. പക്ഷേ പോലീസു് പത്തു മിനിട്ടോളം കഴിഞ്ഞിട്ടാണു് എത്തിയതു്. പലപ്പോഴും ഇത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടായപ്പോഴും അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടു്. അപ്പോഴെല്ലാംതന്നെ ഞങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇനിമേൽ ഇത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടാകുകയില്ലെന്നു് പറയും. സെക്രട്ടറിയേറ്റിന്റെ നടയിൽ പോലും ഞങ്ങൾ ഇങ്ങോട്ടു വന്ന സമയം പോലീസിനെ കാണാനില്ലായിരുന്നു. ഇനിമേൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ ശാശ്വതമായി എന്തെങ്കിലും നടപടികളും എടുക്കണമെന്നു് ഞങ്ങൾ അങ്ങയോടു് അഭ്യർത്ഥിക്കുകയാണു്.

ശ്രീ. എൻ. കെ. രാഘവൻ: ഞങ്ങൾ ഫോൺ ചെയ്തിട്ടുപോലും ആരും ഉടനെ വന്നില്ല.

ശ്രീ. കെ. കരുണാകരൻ: മന്ത്രിമാരും എം. എൽ. എ. മാരും വന്ന വാഹനങ്ങൾ തടഞ്ഞുനിറുത്തുമ്പോൾ എല്ലാവർക്കും പ്രയാസം ഉണ്ടു്. എന്നാൽ പൊതുജനങ്ങൾക്കു് സാധാരണ പുറത്തും അനുഭവപ്പെടുന്ന ഈ പ്രയാസങ്ങൾ ആരും തന്നെ മനസ്സിലാക്കുന്നില്ല.

മി: സ്പീക്കർ: നമുക്കു് ഇനി സഭാനടപടികൾ തുടങ്ങാം.

LIBRARY ARCHIVES Kerala Legislative Assembly